KSFESA CITU

# KERALA STATE
# FINANCIAL ENTERPRISES STAFF ASSOCIATION (CITU)

**Reg. No.180/71, Kottappuram Road, Thrissur - 4**
**(Affiliated to C.I.T.U. No.K.1128)**
**Email : ksfesacitusc@gmail.com, web:www.ksfesa.com**

President : **Elamaram Kareem MP** General Secretary : **S. Muraleekrishnapillai**
Mob : 9400307786 Mob : 9446538432

## സർക്കുലർ 4/18

സഖാക്കളെ,

നമ്മുടെ സംഘടനയുടെ സംസ്ഥാന കമ്മിറ്റി യോഗം 13.12.18 (വ്യാഴം) രാവിലെ 11.30ന് സി.ഐ.ടി.യു. സംസ്ഥാന കമ്മിറ്റി ഓഫീസിൽ വെച്ച് ചേർന്നു. രാവിലെ 10 മണിക്ക് സംസ്ഥാന ഭാരവാഹിയോഗം ചേർന്നു. സി.ഐ.ടി.യു. സംസ്ഥാന സെക്രട്ടറി സ. കെ.എൻ. ഗോപിനാഥ് പങ്കെടുത്തു. സ. കെ.എൻ. ഗോപിനാഥ് രാഷ്ട്രീയ റിപ്പോർട്ടും ജനറൽ സെക്രട്ടറി പ്രവർത്തന റിപ്പോർട്ടും അവതരിപ്പിച്ചു.

കാട്ടാക്കട ശാഖയിലെ PTS സ. ഗോപിനാഥൻ വി., മുണ്ടക്കയം ശാഖയിലെ ഓഫീസ് അറ്റന്റന്റ് സ. കെ. ഭാസ്കരൻ, കുറുമശ്ശേരി ശാഖയിലെ PTS സ. മോഹനൻ കെ.കെ. എന്നിവരുടെയും ഗജ ചുഴലിക്കൊടുങ്കാറ്റിൽ മൃതിയടഞ്ഞവരുടെയും അകാലചരമത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.

**തീരുമാനങ്ങൾ**

**1. സ്റ്റാഫ് അസോസിയേഷന്റെ ശക്തമായ പ്രതിഷേധത്തെ തുടർന്ന് പുതുക്കി നിശ്ചയിച്ച ഇൻസെന്റീവ് തുക എത്രയും വേഗം വിതരണം ചെയ്യുക.**

പെർഫോമൻസ് ഇൻസെന്റീവ് വിഷയത്തിൽ നാം സ്വീകരിച്ച ശക്തവും മാതൃകാപരവുമായ പ്രതിഷേധത്തെ തുടർന്ന് 2017-18ലെ ശമ്പളത്തിന്റെ 7.75% നിരക്കിൽ പെർഫോമൻസ് ഇൻസെന്റീവ് നൽകാൻ കെ.എസ്.എഫ്.ഇ. ഡയറക്ടർ ബോർഡ് യോഗം തീരുമാനിച്ചു. സംഘടന ഉയർത്തിയ പ്രതിഷേധത്തെ തുടർന്നുള്ള ഒത്തുതീർപ്പ് വ്യവസ്ഥ പ്രകാരമാണ് മാനേജ്മെന്റ് ഈ നിലപാട് സ്വീകരിച്ചത്. എന്നാൽ സർക്കാർ അംഗീകാരം ലഭിക്കാത്തതിനാൽ ഇതുവരെയും ഇൻസെന്റീവ് വിതരണം ചെയ്തിട്ടില്ല. തീരുമാനം വൈകുന്നതിൽ സംഘടന ശക്തിയായി പ്രതിഷേധിക്കുകയും ശക്തമായ പ്രതിഷേധം മാനേജ്മെന്റിനെയും സർക്കാരിനെയും അറിയിക്കാനും തീരുമാനിച്ചു.

**2. ശമ്പള പരിഷ്ക്കരണ ചർച്ച ആരംഭിക്കുക.**

2016 മേയിൽ അധികാരത്തിൽ വന്ന എൽ.ഡി.എഫ്. സർക്കാരാണ് 2012 ആഗസ്റ്റ് മുതൽ കുടിശ്ശികയായ ശമ്പളം പരിഷ്ക്കരിച്ച് ഉത്തരവിറക്കി കുടിശ്ശികയടക്കം വിതരണം ചെയ്തത്. ഈ കരാറിന്റെ കാലാവധി 2017 ജൂലൈയിൽ അവസാനിച്ചു. കരാർ കാലാവധി കഴിഞ്ഞ് ഒന്നരവർഷം തികയുകയാണ്. എത്രയും വേഗം ശമ്പളപരിഷ്ക്കരണ ചർച്ച വിളിച്ചുചേർത്ത് ശമ്പളം പരിഷ്ക്കരിക്കണമെന്ന് മാനേജ്മെന്റിനോടും സർക്കാരിനോടും ആവശ്യപ്പെടാൻ തീരുമാനിച്ചു.

**3. ജനുവരി 1 - വനിതാ മതിൽ വിജയിപ്പിക്കുക**

നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കുക, സ്ത്രീ-പുരുഷ സമത്വം ഉറപ്പുവരുത്തുക, കേരളത്തെ ഭ്രാന്താലയമാക്കരുത് എന്നീ മുദ്രാവാക്യങ്ങൾ ഉയർത്തിക്കൊണ്ട് ജനുവരി 1-ന് വൈകീട്ട് 3.30ന്

തിരുവനന്തപുരം മുതൽ കാസർകോട് വരെ 620 കി.മീ. നീളത്തിൽ വനിതാ മതിൽ സൃഷ്ടിക്കുകയാണ്. ജാതി-മത-സാമുദായിക ചിന്തകൾക്കതീതമായി മാനവ ഐക്യം ഊട്ടിയുറപ്പിക്കുക, വിഷം തുപ്പുന്ന വർഗീയതയെ പ്രതിരോധിക്കുക, വനിതകളുടെ അന്തസ്സ് ഉയർത്തിപ്പിടിക്കുക എന്നിവയാണ് ലക്ഷ്യം. സ്ത്രീ-പുരുഷ സമത്വം ചർച്ച ചെയ്യപ്പെടുന്ന കാലഘട്ടത്തിന്റെ പ്രതിരോധത്തിന്റെ പ്രതീകമാണ് വനിതാ മതിൽ. എല്ലാ വനിതാ ജീവനക്കാരും വനിതാ കുടുംബാംഗങ്ങളോടൊപ്പം പങ്കെടുക്കുകയും പുരുഷ ജീവനക്കാർ വനിതാ കുടുംബാംഗങ്ങളെ വനിതാ മതിലിൽ പങ്കെടുപ്പിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

**4. 2019 ജനുവരി 8, 9 - ദേശീയ പണിമുടക്ക് വിജയിപ്പിക്കുക**

പൊതുമേഖലകൾ വിൽക്കുന്ന കേന്ദ്രസർക്കാർ നയം തിരുത്തുക, വിലക്കയറ്റം നിയന്ത്രിക്കുക, പെൻഷൻ ഉൾപ്പെടെയുള്ള സാമൂഹ്യസുരക്ഷാ പദ്ധതികൾ ശക്തിപ്പെടുത്തുക, തൊഴിൽ നിയമ ഭേദഗതി നിർദ്ദേശം പിൻവലിക്കുക എന്നിങ്ങനെ 12 ഇന ആവശ്യങ്ങൾ ഉയർത്തിക്കൊണ്ട് ജനുവരി 8, 9 തീയതികളിൽ ആഹ്വാനം ചെയ്തിരിക്കുന്ന ദേശീയപണിമുടക്ക് വിജയിപ്പിക്കാൻ തീരുമാനിച്ചു. കേന്ദ്രസർക്കാരിന്റെ തൊഴിലാളി ദ്രോഹ-ജനദ്രോഹ നയങ്ങൾക്കെതിരെയുള്ള ശക്തമായ പ്രതിരോധം ഉയർത്തുന്ന ദേശീയ പണിമുടക്കിൽ അണിചേരാൻ എല്ലാ വിഭാഗം ജീവനക്കാരോടും അഭ്യർത്ഥിക്കുന്നു.

**5. Business Process Re-Engineering (BPR)-ചർച്ച**

സ്ഥാപനത്തിന്റെ സമഗ്രമായ ബിസിനസ്സ് പരിഷ്ക്കരണം ലക്ഷ്യം വച്ചുകൊണ്ട് കേരള സർക്കാർ BPR കമ്മിറ്റിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. KSFE മുൻ മാനേജിംഗ് ഡയറക്ടറും നിലവിലെ ഡയറക്ടർമാരിലൊരാളുമായ ശ്രീ. പി.സി. പിള്ളയാണ് BPR കമ്മിറ്റി ചെയർമാൻ.

**BPR നിർവ്വചനം**

"BPR is the fundamental rethinking and radical redesign of business process to bring about dramatic improvement in performance.

**KSFE യിൽ BPR എന്തുകൊണ്ട്?**

1. Business environment has changed
2. Customer expectations have gone up
3. Market pressure is intense
4. New Technologies are being used in the market.

**നമ്മുടെ സ്ഥിതി?**

1. Our processes have remained the same
2. Our customer is dissatisfied
3. Our productivity is low
4. Our top position in industry is under threat

**KSFE യിലെ BPR Project ലക്ഷ്യം വയ്ക്കുന്നത്**

- To place the customer at the centre of the business.
- To acquire new quality customers.
- To provide customers the best quality of service across multiple channels.
- To build deep and lasting relationship with customers.
- To support frontline performance by way of re-structuring
- To improve productivity through increase in business per employee.

- ❖ To empower branches to become focussed marketing and service units.
- ❖ To simplify process for employees
- ❖ To keep pace with technological changes
- ❖ To reduce transaction cost and improve profitability.

ചർച്ചയ്ക്ക് സഹായകരമായ രീതിയിൽ BPR ചെയർമാൻ മുന്നോട്ടുവച്ച പ്രധാന നിർദ്ദേശങ്ങളാണ് മുകളിൽ കൊടുത്തിരിക്കുന്നത്. സാങ്കേതികവിദ്യ വിനിയോഗത്തിലൂടെ ഉപഭോക്താവിനെ കേന്ദ്രമാക്കിക്കൊണ്ടുള്ള ബിസിനസ്സിലെ സമഗ്രമായ പരിഷ്ക്കരണം എന്ന നിർദ്ദേശത്തെ നാം തത്വത്തിൽ അംഗീകരിച്ചു. ദീർഘകാലമായുള്ള നമ്മുടെ ആവശ്യമായിരുന്നു ഇത്. ജില്ലാ കമ്മിറ്റികളും യൂണിറ്റ് യോഗങ്ങളും ഇത് ചർച്ച ചെയ്ത് ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. ജനുവരിയിൽത്തന്നെ ഇതിനായി ഒരു 'Brain-Storming Session' മാനേജ്മെന്റ് വിളിച്ചുചേർക്കുന്നുണ്ട്. അതുകൊണ്ടുതന്നെ നിർദ്ദേശങ്ങൾ സമയബന്ധിതമായി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

6. 25 വർഷ സർവ്വീസിന് ഒരു ഇൻക്രിമെന്റ് ഉൾപ്പെടെ കുടിശ്ശികയായ എല്ലാ ഗ്രേഡ് പ്രമോഷനുകളും സമയബന്ധിതമായി നൽകണമെന്ന് മാനേജ്മെന്റിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

**7. സംഘടനാ ശിൽപശാല**

2019 ജനുവരി 12ന് എറണാകുളം ആഷിർ ഭവനിൽ വെച്ച് രാവിലെ 10 മണിക്ക് സംഘടനാ ശിൽപശാല ചേരാൻ തീരുമാനിച്ചു. സംസ്ഥാന കമ്മിറ്റിയംഗങ്ങളും ജില്ലാ ഭാരവാഹികളും ആണ് പ്രസ്തുത ശിൽപ്പശാലയിൽ പങ്കെടുക്കേണ്ടത്. സി.ഐ.ടി.യു. സംസ്ഥാന സെക്രട്ടറി സ. കെ. എൻ. ഗോപിനാഥ് പങ്കെടുക്കും.

**8.** Virtual Branch-ലെ സ്ഥലപരിമിതികൾ പരിഹരിക്കണമെന്നും ജോലിസമയവും മറ്റു സേവന വേതനവ്യവസ്ഥകളും അടിയന്തിരമായി ചർച്ച ചെയ്തു തീരുമാനിക്കണമെന്നും ഈ ശാഖയിലെ ഒഴിവുള്ള തസ്തികകൾ അടിയന്തിരമായി നികത്തണമെന്നും മാനേജ്മെന്റിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

അഭിവാദനങ്ങളോടെ,

തൃശൂർ **എസ്. മുരളീകൃഷ്ണപിള്ള**

21-12-2019 ജനറൽ സെക്രട്ടറി

**അറിയിപ്പുകൾ**

1. 2018 ഡിസംബർ 20നുമുമ്പായി അസിസ്റ്റന്റ് ജീവനക്കാരുടെ സ്ഥലംമാറ്റ ഉത്തരവ് പ്രസിദ്ധീകരിക്കുമെന്നും 2019 ജനുവരി 15നുമുമ്പ് ഓഫീസ് അറ്റൻന്റ് ജീവനക്കാരുടെ സ്ഥലംമാറ്റ ഉത്തരവ് പ്രസിദ്ധീകരിക്കുമെന്നും ജനുവരി 15-ഓടെ കുടിശ്ശിക തീർത്ത് ഗ്രേഡ് പ്രമോഷനുകൾ നൽകുമെന്നും മാനേജ്മെന്റ് അറിയിച്ചിരുന്നു. എന്നാൽ മാനേജ്മെന്റിന്റെ നിഷേധ സമീപനം മൂലം ഇതുവരെയും അസിസ്റ്റന്റ് സ്ഥലമാറ്റം നടത്തിയില്ല. ഈ വിഷയമടക്കം ഉയർത്തിക്കൊണ്ട് 26.12.18ന് നടക്കുന്ന പ്രതിഷേധസമരം വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.
2. നമ്മുടെ സംഘടനയുടെ നിരന്തരമായ ഇടപെടലിന്റെ ഫലമായി അസിസ്റ്റന്റ് ജീവനക്കാരുടെ PSC വെരിഫിക്കേഷൻ ഡിസംബർ 31ന് നടക്കും. ജനുവരി മാസം കൊണ്ട് ബാക്കിയുള്ളവരുടെ വെരിഫിക്കേഷൻ നടപടികളും പൂർത്തിയാക്കുമെന്നാണ് PSC അധികാരികൾ അറിയിച്ചത്.

# 2019 ജനുവരി 8, 9
# ദേശീയ ദ്വിദിന പണിമുടക്ക്

**ഇന്ത്യൻ തൊഴിലാളിവർഗ്ഗം ഉയർത്തുന്ന പന്ത്രണ്ടിന അവകാശപത്രിക**

1. ചരക്കു കമ്പോളത്തിലെ ഊഹക്കച്ചവടം നിരോധിച്ചും പൊതുവിതരണ സമ്പ്രദായം സാർവ്വത്രികമാക്കിയും വിലക്കയറ്റം നിയന്ത്രിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുക.
2. തൊഴിലുകൾ സൃഷ്ടിക്കാൻ മൂർത്തമായ നടപടി സ്വീകരിച്ച് തൊഴിലില്ലായ്മ നിയന്ത്രിക്കുക.
3. ഒഴിവുകളോ, സൗജന്യങ്ങളോ അനുവദിക്കാതെ അടിസ്ഥാന തൊഴിൽ നിയമങ്ങൾ ശക്തമായി നടപ്പിലാക്കുകയും നിയമലംഘകർക്കെതിരെ കർശനമായ നടപടി സ്വീകരിക്കുകയും ചെയ്യുക.
4. എല്ലാ തൊഴിലാളികൾക്കും സാമൂഹ്യ സുരക്ഷ സാർവ്വത്രികമാക്കുക.
5. പ്രതിമാസ മിനിമം വേതനം 18000 രൂപയാക്കുക. അത് വില സൂചികയുമായി ബന്ധപ്പെടുത്തുക.
6. തൊഴിലെടുക്കുന്നവർക്കെല്ലാം പ്രതിമാസം 3000 രൂപ പെൻഷൻ ഉയർത്തി നൽകുക.
7. കേന്ദ്ര/സംസ്ഥാന പൊതുമേഖലയുടെ ഓഹരി കൈയൊഴിയുന്ന തന്ത്രപ്രധാന വില്പന നിർത്തലാക്കുക.
8. സ്ഥിരവും തുടർച്ചയുള്ളതുമായ തൊഴിലുകൾ കോൺട്രാക്ട് നൽകുന്നത് അവസാനിപ്പിക്കുക. സ്ഥിരം തൊഴിലാളികൾക്ക് നൽകുന്ന വേതനവും മറ്റാനുകൂല്യങ്ങളും കോൺട്രാക്ട് തൊഴിലാളികൾക്കും നൽകുക.
9. ബോണസ്, പ്രോവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി എന്നിവയ്ക്ക് നിശ്ചയിച്ചിട്ടുള്ള എല്ലാ പരിധികളും എടുത്തുമാറ്റുക.
10. ഐ.എൽ.ഒ. കൺവെൻഷനിലെ സി. 87, സി. 98 വ്യവസ്ഥ പ്രകാരം അപേക്ഷ നൽകി 45 ദിവസങ്ങൾക്കുള്ളിൽ ട്രേഡ് യൂണിയനുകളുടെ നിർബ്ബന്ധിത രജിസ്ട്രേഷൻ എന്ന തത്വം നടപ്പിൽ വരുത്തുക.
11. തൊഴിൽ നിയമ ഭേദഗതികൾ പിൻവലിക്കുക.
12. റെയിൽവെയിലെയും, ഇൻഷുറൻസിലെയും പ്രതിരോധ മേഖലയിലെയും വിദേശ നിക്ഷേപനീക്കം ഉപേക്ഷിക്കുക.

**INTUC, AITUC, HMS, CITU, AIUTUC, TUCC,**

**SEWA, AICCTU, LPF, UTUC**